മാതൃഭൂമി

Mathrubhumi Seed 2019-20

Student Empowerment for
Environmental Development

Together We Can

സാർത്ഥകമായ 10 വർഷങ്ങൾ

വിദ്യാർഥികളെ പ്രകൃതിയോടൊപ്പം നടത്താനായി മാതൃഭൂമി തുടങ്ങിയ സീഡ് പദ്ധതി പതിനൊന്നാം വർഷത്തിലേക്ക് കടക്കുകയാണ്. കേരളത്തിലെ പ്രമുഖ ധനകാര്യസ്ഥാപനമായ ഫെഡറൽ ബാങ്കിന്റെ സഹകരണത്തോടെയാണ് ഇത് നടപ്പിലാക്കുന്നത്.

മാറ്റങ്ങളോടൊപ്പം

കഴിഞ്ഞ പത്തുവർഷത്തെ പ്രവർത്തനങ്ങളിലൂടെ കേരളത്തിൽ പ്രകൃതിസംരക്ഷണരംഗത്ത് എന്ത് മാറ്റം വരുത്താനായി എന്ന് ചിന്തിക്കേണ്ട അവസരമാണിത്. പ്രകൃതിസംരക്ഷണവുമായി ബന്ധപ്പെട്ട പല മേഖലകളിലും വലിയ അവബോധമുണ്ടാക്കാൻ നമ്മുടെ പ്രവർത്തനങ്ങൾ സഹായകമായിട്ടുണ്ട്.

ഇനിയും മുന്നോട്ട്

പ്രകൃതിയുടെ ജീവൻ കവരുന്ന പുതിയ പല പ്രവണതകളും ശക്തിപ്രാപിക്കുന്നത് നമ്മുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കണമെന്ന തിരിച്ചറിവും നൽകുന്നുണ്ട്. കേരളത്തിലെ മരങ്ങളുടെ എണ്ണം കൂടിയിട്ടും ചൂട് കുറയുന്നില്ല. മഴയുടെ അളവ് കൂടിയിട്ടും ഭൂഗർഭ ജലനിരപ്പ് ഉയരുന്നില്ല. ഒരേസമയം വരൾച്ചയുടെയും വെള്ളപ്പൊക്കത്തിന്റെയും ഭീഷണി നമ്മൾ നേരിടുന്നു. ഇത്തരം നിരവധി പ്രശ്നങ്ങളാണ് നമുക്കുമുൻപിലുള്ളത്. തീർച്ചയായും നമ്മൾ കർമനിരതരാകാതെ വയ്യ!

ആർക്കൊക്കെ പ്രവർത്തിക്കാം

എൽ.പി. വിഭാഗം മുതൽ ഹയർ സെക്കൻഡറി വരെയുള്ള സ്കൂളുകൾക്ക് പദ്ധതിയിൽ പങ്കാളികളാവാം. 2018-19 വിദ്യാഭ്യാസ വർഷത്തിൽ 8432 വിദ്യാലയങ്ങളാണ് സീഡിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചത്. 31 ലക്ഷം വിദ്യാർഥികളും 10,000 ത്തിലധികം അധ്യാപകരും സീഡിന്റെ ഭാഗമായി പ്രവർത്തിക്കുന്നു. സീഡ് പദ്ധതിയിൽ മുൻപ് രജിസ്റ്റർ ചെയ്തിട്ടുള്ള സ്കൂളുകൾ വീണ്ടും രജിസ്റ്റർ ചെയ്യേണ്ടതില്ല.
ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽ, സീഡ് കോഡിനേറ്റർ ഇവർ മാറിയിട്ടുണ്ടെങ്കിൽ മാതൃഭൂമി പ്രതിനിധിയെ അറിയിക്കണം.

സ്വഭാവ പരിവർത്തനമാണ് പ്രധാനം

സ്കൂളിന്റെ വലുപ്പമോ കുട്ടികളുടെ എണ്ണമോ അവാർഡ് നിർണയത്തെ സ്വാധീനിക്കില്ല. കുട്ടികളിൽ ഉണ്ടാകുന്ന സ്വഭാവ പരിവർത്തനമാണ് പ്രധാനം പരിമിതമായ സൗകര്യങ്ങൾ മാത്രമുള്ള സ്കൂളുകൾക്കും മുൻവർഷങ്ങളിൽ നിരവധി അവാർഡുകൾ ലഭിച്ചിട്ടുണ്ട്. എൽ.പി. വിഭാഗത്തിന് പ്രത്യേക സമ്മാനങ്ങൾ ഉണ്ട്. എന്നാൽ ഇവർക്ക് പൊതുവിഭാഗത്തിൽ മത്സരിച്ച് സമ്മാനം നേടുന്നതിന് തടസ്സമില്ല.

2019 ജൂൺ അഞ്ചുമുതൽ ഡിസംബർ 31 വരെ

2019 ജൂൺ അഞ്ചുമുതൽ ഡിസംബർ 31 വരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് ഈ വർഷത്തെ അവാർഡ് ജേതാക്കളെ നിർണയിക്കുക. സ്കൂളിൽ നടത്തിയ പരിപാടികളുടെ സമ്പൂർണവിവരങ്ങൾ അടങ്ങുന്ന റിപ്പോർട്ടാണ് അവാർഡിനായി സമർപ്പിക്കേണ്ടത്.

വേണം
വിശദമായ റിപ്പോർട്ട്

പരിപാടികളുടെ വിശദാംശങ്ങൾ, നോട്ടീസ്, ഫോട്ടോ, വീഡിയോ എന്നിവയെല്ലാം റിപ്പോർട്ടിനൊപ്പം ചേർക്കാം. സീഡ് റിപ്പോർട്ടുകൾ 2020 ജനുവരി 15-നകം മാതൃഭൂമി ജില്ലാ ഓഫീസിൽ എത്തിക്കണം. റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മികച്ച പ്രവർത്തനം നടത്തിയ സ്കൂളുകളെ തിരഞ്ഞെടുക്കും. സ്കൂളുകളിൽ പ്രത്യേക ജൂറി സന്ദർശനം നടത്തി വിലയിരുത്തൽ നടത്തിയ ശേഷമേ അവാർഡ് ജേതാക്കളെ നിർണയിക്കുകയുള്ളൂ.

WELCOME 2019

ഈ വർഷം നമ്മൾ ചെയ്യുന്നത്

ഈ വർഷത്തെ സീഡ് പ്രവർത്തനങ്ങൾ നാല് ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്.

Together, We Can

കരുതാം ജീവശ്വാസത്തെ

Life Line

ജീവന്റെ തുടിപ്പുകൾ

In the Precincts

സ്കൂൾ മുറ്റത്ത്

Socially Responsible

സ്കൂളിൽനിന്ന് സമൂഹത്തിലേക്ക്

കരുതാം ജീവശ്വാസത്തെ

വായുമലിനീകരണത്തിനെതിരേ ഐക്യരാഷ്ട്രസഭയുടെ പരിസ്ഥിതി വിഭാഗം 2019-ൽ നടത്തുന്ന വിപുലമായ പ്രവർത്തനങ്ങളിൽ നമ്മളും പങ്കാളികളാകേണ്ടതുണ്ട്. എല്ലാ സീഡ് സ്കൂളുകളും ഇക്കാര്യത്തിന് പ്രഥമ പരിഗണന നൽകണം. വർധിച്ചുവരുന്ന നഗരവത്കരണം, മരങ്ങൾ വെട്ടിനശിപ്പിക്കൽ, മാലിന്യങ്ങൾ കത്തിക്കൽ, ഫാക്ടറികളും വാഹനങ്ങളും പുറന്തള്ളുന്ന പുക തുടങ്ങിയവയൊക്കെയും ഭൂമിയിലെ ജീവജാലങ്ങൾക്ക് വലിയ ഭീഷണി ഉയർത്തുന്നു. വായുമലിനീകരണം ആഗോളതാപനത്തിനും കാരണമാകുന്നു.

1 പൊതുഗതാഗതം പ്രോത്സാഹിപ്പിക്കുക
2 കത്തിക്കരുത് മാലിന്യങ്ങൾ
3 വായുമലിനീകരണത്തിന്റെ തോത്കണ്ടുപിടിക്കുക
4 സൈക്കിൾ ഉപയോഗം
5 ശ്വാസകോശ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ

ജീവന്റെ തുടിപ്പുകൾ

'ജീവന്റെ തുടിപ്പുകൾ' എന്ന രണ്ടാം ഭാഗത്തിൽ സീഡ് പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിവരുന്ന അടിസ്ഥാന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. ആരോഗ്യകരമായ ജീവിതം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സീഡ് തുടങ്ങിയ കാലംമുതൽ അതീവശ്രദ്ധയോടെ തുടർന്നുവരുന്ന ഈ അടിസ്ഥാന പ്രവർത്തനങ്ങൾ കൂടുതൽ വിപുലപ്പെടുത്തുകയും ഒപ്പം പുതിയ ആശയങ്ങൾ പരീക്ഷിക്കുകയും വേണം.

1 കാർഷികം
2 ഊർജം നാളേക്കായി
3 ജലസംരക്ഷണം
4 ജൈവവൈവിധ്യം
5 ആയുരാരോഗ്യം

സ്കൂൾ മുറ്റത്ത്

പാഠപുസ്തകപഠനത്തിനപ്പുറം ജീവിതത്തിനും സമൂഹത്തിനും ഉപകരിക്കുന്ന പല പ്രവർത്തനങ്ങളും നടത്തേണ്ട ഇടമാണ് വിദ്യാലയം. അത്തരം ചില പ്രവർത്തനങ്ങളാണ് ഈ വിഭാഗത്തിൽ ചേർത്തിരിക്കുന്നത്. ഇതിലെ പ്രവർത്തനങ്ങൾ സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഉപകാരപ്പെടുന്ന വിധത്തിൽ നടപ്പിലാക്കാൻ ശ്രദ്ധിക്കണം. രക്ഷിതാക്കളുടെ സഹകരണവും ഉറപ്പാക്കണം.

1 വാഴയ്ക്കൊരു കൂട്ട്
2 തണലത്തൊരു ക്ലാസ്മുറി
3 അറിയാം സർക്കാർ സേവനങ്ങൾ
4 മുള നല്ല ചങ്ങാതി
5 ആരോഗ്യത്തിന് വാട്ടർ ബെൽ

സ്കൂളിൽനിന്ന് സമൂഹത്തിലേക്ക്

സ്കൂളും സമൂഹവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് ഈ വിഭാഗത്തിലുള്ളത്. സമൂഹത്തിൽ ഗുണപരമായ മാറ്റങ്ങളുണ്ടാക്കാൻ ഇത്തരം പ്രവർത്തനങ്ങൾ ഉപകരിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പ്രാദേശിക കൂട്ടായ്മകൾ, സർക്കാർസ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹായങ്ങൾ ഈ പ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്താവുന്നതാണ്.

1 സീഡ് ബോൾ
2 സ്വാദുള്ള സുരക്ഷിത ഭക്ഷണം
3 കാണാം പറവകളെ
4 അറിയാം സ്ഥലനാമം
5 ആശുപത്രിയെ അറിയാം

ഓരോ സ്കൂൾ ടേമിലും മത്സരം

- First term Contest
- പഠിക്കാം പ്രാദേശിക പരിസ്ഥിതിപ്രശ്നങ്ങൾ

- Second term Contest
- സ്കൂൾതോട്ടത്തിന് സമ്മാനം

- Third term Contest
- നേച്ചർ ഷോർട്ട് ഫിലിം

പഠിക്കാം പ്രാദേശിക പരിസ്ഥിതിപ്രശ്നങ്ങൾ

അധ്യയനവർഷത്തിന്റെ തുടക്കത്തിൽ സ്കൂളിൽ ഒരു പരിസ്ഥിതി അവലോകന യോഗം വിളിച്ചുകൂട്ടണം. അതിൽ സർക്കാർവകുപ്പുകളിലെ പ്രതിനിധികൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആളുകൾക്കും നാട്ടിലെ പരിസ്ഥിതിപ്രവർത്തകർക്കും രക്ഷിതാക്കൾക്കും പങ്കെടുക്കാം. ചർച്ചകളുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞുവരുന്ന നാട്ടിലെ ഏറ്റവും പ്രധാനപ്പെട്ട മൂന്ന് പരിസ്ഥിതിപ്രശ്നങ്ങളും അവയ്ക്ക് യോഗത്തിൽ ഉരുത്തിരിഞ്ഞുവന്ന പരിഹാരങ്ങളും ക്രമപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കണം. ഈ റിപ്പോർട്ട് യോഗത്തിൽ പങ്കെടുത്തവർ ഒപ്പിട്ട മിനിറ്റ്സിന്റെ കോപ്പിയും ഉൾപ്പെടുത്തിവേണം മത്സരത്തിനായി സമർപ്പിക്കാൻ. 2019 ഓഗസ്റ്റ് 10-ന് മുൻപായി റിപ്പോർട്ട് മാതൃഭൂമി ജില്ലാ ഓഫീസിൽ എത്തിക്കണം. ഓരോ ജില്ലയിലും ഏറ്റവും മികച്ച മൂന്ന് റിപ്പോർട്ടുകൾക്കാണ് സമ്മാനം.

സ്കൂൾതോട്ടത്തിന് സമ്മാനം

സ്കൂളിൽ ഒരുക്കുന്ന മികച്ച പച്ചക്കറി/പൂന്തോട്ടത്തിന് ഇത്തവണ പ്രത്യേക പുരസ്കാരമുണ്ട്. തോട്ടത്തിൽ മാതൃഭൂമി സീഡ് പൂന്തോട്ടം/ പച്ചക്കറിത്തോട്ടം എന്ന ബോർഡ് ഉണ്ടാവണം. തോട്ടത്തിൽ ഒരു 'പുനർജനിമൂല'യും ഒരുക്കണം. നഷ്ടപ്പെട്ടുപോകുന്ന സസ്യവർഗങ്ങളെയാണ് ഇവിടെ നട്ടുവളർത്തേണ്ടത്. അവയെ നിലനിർത്തുന്നതിനും കൂടുതൽ ഇടത്തേക്ക് വ്യാപിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളും നടത്തണം. തോട്ടത്തിന്റെ വിശദാംശങ്ങൾ സെപ്റ്റംബർ 20 മുതൽ 30 വരെയുള്ള ദിവസങ്ങളിൽ സീഡ് വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യാം. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് സമ്മാനാർഹരെ നിശ്ചയിക്കുക. ഫോട്ടോകൾ, ചെറിയ വീഡിയോകൾ, വിവരണം എന്നിവ അപ്ലോഡ് ചെയ്യാം. ഇതിന് കഴിയാത്തവർക്ക് വിശദവിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് അടുത്തുള്ള മാതൃഭൂമി ജില്ലാ ഓഫീസിലും സമർപ്പിക്കാം.

നേച്ചർ ഷോർട്ട് ഫിലിം

പ്രകൃതിസംരക്ഷണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഷോർട്ട് ഫിലിം നിർമിക്കുന്നതിനുള്ള അവസരം ഈ വർഷവുമുണ്ട്. അഞ്ചുമിനിറ്റിൽ താഴെ ദൈർഘ്യമുള്ള ചിത്രങ്ങളാണ് ഒരുക്കേണ്ടത്. അധ്യാപകർക്കും വിദ്യാർഥികൾക്കും ഇതിൽ ഭാഗഭാക്കാവാം. സീഡ് ഫൈനൽ റിപ്പോർട്ടിനൊപ്പമാണ് ഷോർട്ട് ഫിലിം സമർപ്പിക്കേണ്ടത്.
തിരഞ്ഞെടുക്കപ്പെടുന്നവയ്ക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ലഭിക്കും. ഒരേ സ്കൂളിൽനിന്ന് ഒന്നിലധികം ഷോർട്ട് ഫിലിമുകൾ സമർപ്പിക്കുന്നതിന് തടസ്സമില്ല.

സീഡ് ചലഞ്ച്

ആലുവയിൽ പെരിയാറിൻതീരത്ത് അനധികൃതമായി നിർമിച്ച കെട്ടിടം, പരിസ്ഥിതിപ്രവർത്തകനായ പ്രൊഫസർ സീതാരാമന്റെ നേതൃത്വത്തിൽ നൽകിയ ഹർജി പരിഗണിച്ച് പൊളിച്ചുനീക്കുവാൻ കേരള ഹൈക്കോടതി ഉത്തരവിട്ടു. വിധി നടപ്പാക്കിയതിനെത്തുടർന്ന് കെട്ടിടാവശിഷ്ടങ്ങൾ നിറഞ്ഞ പുഴയോരം സമൂഹവിരുദ്ധരുടെ താവളമായിമാറി. പരിസ്ഥിതിപ്രശ്നവും സാമൂഹികപ്രശ്നവുമായി ഉയർന്ന ഇത് മാതൃഭൂമി ഒരു ചലഞ്ചായി ഏറ്റെടുത്തു. ആ സ്ഥലത്ത് അപൂർവയിനം ചെടികളും സസ്യങ്ങളും വെച്ചുപിടിപ്പിച്ച് ആർബറേറ്റം തയ്യാറാക്കി. വിവിധയിനം നാട്ടുമാവുകളുടെ തോട്ടവും ഒരുക്കി. പ്രളയം ഇവിടത്തെ പച്ചപ്പിനെ വിഴുങ്ങിയപ്പോഴും അതിനെ അതിജീവിച്ച് ആർബറേറ്റം പുനരുജ്ജീവിപ്പിക്കാൻ മാതൃഭൂമി കർമനിരതമായി. ഇപ്പോഴിവിടം പരിസ്ഥിതിസ്നേഹികളുടെ തീർത്ഥാടനകേന്ദ്രമാണ്. ആലുവാ നഗരത്തിന്റെ ശ്വാസകോശവും. ഇത് മാതൃഭൂമി ഏറ്റെടുത്ത ചലഞ്ച്. ഇതുപോലെ നിങ്ങൾക്കും നിങ്ങളുടെ പരിമിതിയിൽനിന്ന് പ്രകൃതിസംരക്ഷണത്തിനായുള്ള ചലഞ്ചുകൾ ഏറ്റെടുത്ത് നടപ്പിലാക്കാം.

ചലഞ്ച് ഏറ്റെടുക്കാം

നിങ്ങൾക്കും ഒരു ചലഞ്ച് ഏറ്റെടുക്കാം. സ്കൂളിനടുത്തുള്ള ഏതെങ്കിലുമൊരു പരിസ്ഥിതിപ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാൻ ശ്രമിക്കണം. മലിനമായ ഒരു തോട് വൃത്തിയാക്കുന്നതോ ഒരു മൊട്ടക്കുന്നിൽ മരം വെച്ചുപിടിപ്പിക്കുന്നതോ ഒക്കെ ആവാം. സ്കൂളിന്റെ പരിസരപ്രദേശത്ത് ഒരു മാറ്റം വരുത്തുന്നതുപോലുമാകാം. എത്ര ദൈർഘ്യമുള്ള പദ്ധതികളും തുടങ്ങിവയ്ക്കാം. പ്രവൃത്തി തിരഞ്ഞെടുക്കാനുള്ള കാരണം, എന്ത് മാറ്റമാണ് വരുത്തിയത്, ആർക്കൊക്കെ എങ്ങനെയൊക്കെ ഉപകാരപ്പെട്ടു തുടങ്ങിയ കാര്യങ്ങൾ റിപ്പോർട്ടിൽ വ്യക്തമാക്കണം. പദ്ധതി നടപ്പിലാക്കുന്നതിന് മുൻപും ശേഷവുമുള്ള ഫോട്ടോകൾ റിപ്പോർട്ടിനൊപ്പം വയ്ക്കണം. തുടർപ്രവർത്തനമാണെങ്കിൽ ഈ വർഷത്തെ പ്രവർത്തനം പരിഗണിച്ചാവും സമ്മാനം നിശ്ചയിക്കുക.

സീഡ് റിപ്പോർട്ടർ

പരിസ്ഥിതിയുമായി ബന്ധപ്പെട്ട വാർത്തകൾ ആവശ്യമെങ്കിൽ മാതൃഭൂമി പത്രം, മാതൃഭൂമി ന്യൂ സ്, ക്ലബ് എഫ്.എം., ബാലഭൂമി എന്നിവയിലൂടെ ലോകത്തെ അറിയിക്കാൻ വിദ്യാർഥികൾക്ക് അവസരം നൽകുന്ന പദ്ധതിയാണ് സീഡ് റിപ്പോർട്ടർ. സീഡ് സ്കൂളുകളിൽ നന്നായി എഴുതാൻ കഴിവുള്ള ഒരു വിദ്യാർഥിയെ സീഡ് റിപ്പോർട്ടറായി ചുമതലപ്പെടുത്തണം.

സീഡ് പോലീസ്

സ്കൂൾ പ്രവർത്തനങ്ങളോടൊപ്പം പരിസ്ഥിതിപ്രവർത്തനങ്ങൾക്കും നേതൃത്വം നൽകാൻ കഴിവുള്ള കുട്ടികളെയാണ് സീഡ് പോലീസായി നിയോഗിക്കേണ്ടത്. ഈ വർഷം താഴെ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങളിൽ സീഡ് പോലീസ് കൂടുതൽ ശ്രദ്ധ നൽകണം.

ഭക്ഷണം പാഴാക്കുന്നതിനെതിരേ
വിദ്യാർഥികൾ വെള്ളം കുടിക്കുന്നത് ഉറപ്പുവരുത്തുന്നതിന്
ജലദുരുപയോഗം തടയുന്നതിന്.
ലഹരി ഉപയോഗം തടയുന്നതിന്.
മാലിന്യനിക്ഷേപം തടയുന്നതിന്.
പ്ലാസ്റ്റിക് കത്തിക്കുന്നതിനെതിരേ.
ട്രാഫിക് ബോധവത്കരണത്തിന്.

തുടർ പ്രവർത്തനങ്ങൾ

പരിസ്ഥിതിസംരക്ഷണത്തിനുള്ള അടിസ്ഥാന പ്രവർത്തനങ്ങൾക്കൊപ്പം വൈവിധ്യമാർന്ന മറ്റ് നിരവധി പ്രവർത്തനങ്ങളും സീഡ് നടപ്പിലാക്കി വരുന്നുണ്ട്. അവയിൽ ചിലത് വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കുകയും ചെയ്തു. അത്തരം പ്രത്യേക പ്രവർത്തനങ്ങൾ തുടരുന്നതിൽ കൂടുതൽ ശ്രദ്ധ നൽകണം. പുതിയ ആശയങ്ങൾ ചേർത്ത് കൂടുതൽ മികച്ചതാക്കാനും ശ്രമിക്കണം.

തുടർ പ്രവർത്തനങ്ങൾ

എന്റെ തെങ്ങ്
ലവ് പ്ലാസ്റ്റിക്
സീസൺ വാച്ച്
കടലാമയ്ക്കൊരു കൈത്തൊട്ടിൽ
നാട്ടുമാഞ്ചോട്ടിൽ
മധുരവനം
എന്റെ പ്ലാവ് എന്റെ കൊന്ന
പൂമ്പാറ്റയ്ക്കൊരു പൂന്തോട്ടം

സീസൺവാച്ച്

കാലാവസ്ഥാ മാറ്റത്തിനനുസരിച്ച് മരങ്ങളിലുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ച് പഠനം നടത്തുന്ന സിറ്റിസൺ സയൻസ് പ്രോജക്ടാണ് സീസൺവാച്ച്. ഈ വർഷം സീസൺവാച്ചിന്റെ ഭാഗമായി മൂന്ന് മത്സരങ്ങളാണ് ഒരുക്കുന്നത്.

Summer Tree Quest
14-17 June

Fall Tree Quest
13-16 September

Winter Tree Quest
13-16 December

സീസൺവാച്ച്

ഈ മത്സരങ്ങളുടെ വിശദാംശങ്ങൾ സീസൺ വാച്ചിൽ രജിസ്റ്റർചെയ്തിരിക്കുന്ന സ്കൂളുകളെ ഇ-മെയിൽ വഴി അറിയിക്കും. പുതുതായി രജിസ്റ്റർചെയ്യുന്ന സ്കൂളുകൾക്കും മത്സരത്തിൽ പങ്കെടുക്കാം.
കൂടുതൽ വിവരങ്ങളോ നിർദേശങ്ങളോ ആവശ്യമാണെങ്കിൽ സീസൺ വാച്ചിന്റെ **കേരളത്തിലെ കോ-ഓഡിനേറ്ററായ മുഹമ്മദ് നിസാറിനെ 9446447666 എന്ന നമ്പറിൽ ബന്ധപ്പെടാം.**

Website : www.seasonwatch.in/seed

610
സമ്മാനങ്ങൾ
25
ലക്ഷത്തോളം
രൂപയുടെ
ക്യാഷ് പ്രൈസ്!

വിശിഷ്ട ഹരിതവിദ്യാലയം പുരസ്കാരം

ഒന്നാം സമ്മാനം : 1 ലക്ഷം രൂപ
രണ്ടാം സമ്മാനം : 75,000 രൂപ
മൂന്നാം സമ്മാനം : 50,000 രൂപ
കൂടാതെ സർട്ടിഫിക്കറ്റും ട്രോഫിയും

റവന്യൂ ജില്ലയിലെ മികച്ച സ്കൂളിന്

ശ്രേഷ്ഠ ഹരിതവിദ്യാലയം പുരസ്കാരം

25,000 രൂപയും സർട്ടിഫിക്കറ്റും
ട്രോഫിയും

ഓരോ വിദ്യാഭ്യാസ ജില്ലയിലെയും മികച്ച
മൂന്ന് സ്കൂളുകൾക്ക്

ഹരിതവിദ്യാലയം പുരസ്കാരം

ഒന്നാം സമ്മാനം : 15,000 രൂപ
രണ്ടാം സമ്മാനം : 10,000 രൂപ
മൂന്നാം സമ്മാനം : 5,000 രൂപ
സർട്ടിഫിക്കറ്റും ട്രോഫിയും

റവന്യൂ ജില്ലയിലെ മികച്ച രണ്ട് എൽ.പി.
സ്കൂളുകൾക്ക്
ഹരിതമുകുളം പുരസ്കാരം
5,000 രൂപ വീതം

ഹരിതജ്യോതി പ്രശംസാപത്രം
വിദ്യാഭ്യാസ ജില്ലയിൽ മികച്ച പ്രവർത്തനം
നടത്തുന്ന 6 വിദ്യാലയങ്ങൾക്ക്

സീഡ് ചലഞ്ച് മത്സരം

സംസ്ഥാനതലത്തിൽ മൂന്ന് ക്യാഷ് അവാർഡുംസർട്ടിഫിക്കറ്റും ട്രോഫിയും:
ഒന്നാംസ്ഥാനം : 10,000 രൂപ
രണ്ടാം സ്ഥാനം : 6,000 രൂപ
മൂന്നാം സ്ഥാനം : 4,000 രൂപ
ജില്ലാതലത്തിൽ മികച്ച സ്കൂളിന് പ്രശംസാപത്രം.

പഠിക്കാം പ്രാദേശിക പരിസ്ഥിതി പ്രശ്നങ്ങൾ മത്സരം

സംസ്ഥാനതലത്തിൽ മൂന്ന് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ട്രോഫിയും:
ഒന്നാം സ്ഥാനം : 10,000 രൂപ
രണ്ടാം സ്ഥാനം : 6,000 രൂപ
മൂന്നാം സ്ഥാനം : 4,000 രൂപ
ജില്ലാതലത്തിൽ മികച്ച സ്കൂളിന് പ്രശംസാപത്രം.

സ്കൂൾതോട്ടം മത്സരം

സംസ്ഥാനതലത്തിൽ മൂന്ന് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ട്രോഫിയും:
ഒന്നാം സ്ഥാനം : 10,000 രൂപ
രണ്ടാം സ്ഥാനം : 6,000 രൂപ
മൂന്നാം സ്ഥാനം : 4,000 രൂപ
ജില്ലാതലത്തിൽ മികച്ച സ്കൂളിന് പ്രശംസാപത്രം.

ഷോർട്ട് ഫിലിം മത്സരം

സംസ്ഥാനതലത്തിൽ മികച്ച മൂന്ന് സ്കൂളുകൾക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ട്രോഫിയും.

ഓരോ വിദ്യാഭ്യാസ ജില്ലയിലും മികച്ച
സീഡ് അധ്യാപകർക്ക്
ബെസ്റ്റ് ടീച്ചർ കോഡിനേറ്റർ പുരസ്കാരം
5000 രൂപയും സർട്ടിഫിക്കറ്റും.

സീഡ് പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ
മികവ് കാട്ടുന്ന വിദ്യാർഥികൾക്ക്
ജെം ഓഫ് സീഡ് പുരസ്കാരം
ട്രോഫിയും സർട്ടിഫിക്കറ്റും.

ഏറ്റവും മികച്ച സീഡ് റിപ്പോർട്ടർമാർക്ക്
ബെസ്റ്റ് റിപ്പോർട്ടർ പുരസ്കാരം
പ്രശസ്തിപത്രം.

CONTACTS

THIRUVANANTHAPURAM
Mr. R. Murali
(Unit Manager) 0471 2461071
KOLLAM
Mr. N.S. Vinod Kumar
(Regional Manager) 0474 2790761
PATHANAMTHITTA
Mr.Praveen Krishnan
(Chief Correspondent) 0468 2228678
KOTTAYAM
Mr. T. Suresh
(Unit Manager) 0481 2568055
ALAPPUZHA
Mr. C. Suresh Kumar
(Regional Manager) 0477 2230864

CONTACTS

IDUKKI
Smt. M. Bilina
(Special Correspondent) 0486 2227465
ERNAKULAM
Smt. P. Sindhu
(Unit Manager) 0484 2531708
THRISSUR
Mr. Vinod P. Narayan
(Unit Manager) 0487 2423284
PALAKKAD
Mr. S. Amal Raj
(Unit Manager) 0491 2521900
MALAPPURAM
Mr. V. S. Jayakrishnan
(Regional Manager) 0483 2745800

CONTACTS

KOZHIKODE
Mr. C .Manikandan
(Regional Manager) 0495 2765381
WAYANAD
Mr. T. V. Raveendran
(Manager Books) 0493 6202378
KANNUR
Mr. G. Jagadish
(Unit Manager) 0497 2825100
KASARGODE
Mr. E .V. Jayakrishnan
(Staff Reporter, Kanhangad)
0467 2202077

മാതൃഭൂമി

Thank you!

Mathrubhumi Seed
Student Empowerment for Environmental Development
IN PARTNERSHIP WITH FEDERAL BANK

Student Empowerment for Environmental Development